54

# "ഞാൻ കുരുടനായിരുന്നു, എന്നാൽ ഇപ്പോൾ കാണുന്നു"

## യോഹന്നാൻ 9, ഒരടുത്ത നോട്ടം

യോഹന്നാൻ 9ൽ, സുവിശേഷവിവരണങ്ങളിലെ ഏറ്റവും ഉജ്ജ്വലമായ സ്വഭാവ പഠനങ്ങളിൽ ഒന്നുണ്ട്: പിറവിയിലേ കുരുടനായിരുന്ന ഒരു മനുഷ്യനെ യേശു സൗഖ്യമാക്കുന്നതാണ് അത്. യോഹന്നാൻ വിവരിക്കുന്ന ഏഴു "അടയാളങ്ങളിൽ"[1] ആറാമത്തേതാണ് ഈ അത്ഭുതസൗഖ്യമാക്കൽ. ആ ഏഴിൽ ഓരോന്നും പ്രത്യേകതയുള്ളതാണ്. യോഹന്നാൻ അതിനെ "അടയാളങ്ങൾ" എന്നു വിളിച്ചിരിക്കുന്നതിന്റെ കാരണം അവ ഓരോന്നും യേശുവിന്റെ ദൈവികത്വത്തെ എടുത്തുകാണിക്കുന്നതാണ് (യോഹന്നാൻ 20:30, 31). അതിനു പുറമെ, അവ ഓരോന്നും പൊതുവിൽ ചില സത്യങ്ങളെ വെളിപ്പെടുത്തുന്നു. അത്തരത്തിലുള്ള ഒന്നാണ് ഈ അത്ഭുത സംഭവവും. "ലോകത്തിന്റെ വെളിച്ചമാണ് ക്രിസ്തു" എന്ന ഉപമയുടെ ഒരു ജീവനുള്ള–പ്രവൃത്തിയായി ആ വിവരണത്തെ കണക്കാക്കാം (യോഹന്നാൻ 9:5).

ആ സംഭവം നാം പഠിക്കുമ്പോൾ, ഒരു അന്ധനായ യാചകൻ തന്റെ അന്ധതയിൽനിന്നു കാഴ്ച്ചയിലേക്ക് മാറുന്നത് നാം കാണും – ഭൗതികമായും ആത്മികമായും. നമുക്ക് എങ്ങനെ ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്ക് മാറുവാൻ കഴിയും എന്നും നോക്കാം.

### കുരുടനായ ഒരു മനുഷ്യൻ (വാ.1-38)

അദ്ധ്യായം ആരംഭിക്കുന്നു, "അവൻ (ക്രിസ്തു) കടന്നു പോകുമ്പോൾ,[2] പിറവിയിലേ കുരുടനായിരുന്ന ഒരു മനുഷ്യനെ കണ്ടു" (വാ.1). ആ മനുഷ്യൻ ഇരക്കുന്നവനായിരുന്നു എന്ന് വാക്യം 8 പറയുന്നു. അന്ധരായിരുന്നവർക്ക് മിക്കവാറും ലഭിച്ചിരുന്ന ഏകജോലി ഭിക്ഷ യാചനയായിരുന്നു (മർക്കൊസ് 10:46 നോക്കുക).

### പരിഹരിക്കേണ്ടിയിരുന്ന ഒരു പ്രശ്നം (വാ.2-4)

അപ്പൊസ്തലന്മാർ ആ മനുഷ്യനെ കണ്ടപ്പോൾ, പരിഹരിക്കേണ്ട ഒരു പ്രശ്നമായിട്ടാണ് അവർ അവനെ നിരീക്ഷിച്ചത്. അവരുടെ യുവത്വകാലം മുതൽ അവരുടെ ഗുരുക്കന്മാർ പഠിപ്പിച്ചിരുന്നത് "പാപം കൂടാതെ മരണം ഇല്ല എന്നും, അധർമ്മമില്ലാതെ കഷ്ടതയില്ല എന്നാണ്."[3] എങ്ങനെയായാലും, അതു പരിഭ്രാന്തിയുളവാക്കുന്നതായിരുന്നു, കാരണം ആ മനുഷ്യൻ പിറവിയിലേ കുരുടനായി ജനിച്ചിരുന്നു. അതുകൊണ്ട് അവർ ചോദിച്ചു, "റബ്ബീ,[4] ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ഇവനോ അതോ ഇവന്റെ അമ്മയപ്പന്മാരോ ആർ പാപം ചെയ്തു?" (വാ.2). അവൻ പിറവിയിലേ കുരുടനായി

രുന്നു എന്ന് അവർ എങ്ങനെ അറിഞ്ഞു? ഒരുപക്ഷെ യേശു പറഞ്ഞിരിക്കാം, അല്ലെങ്കിൽ യേശു അവനോട് സംസാരിക്കുന്നത് അവർ കേട്ടിരിക്കാം. അതുമല്ലെങ്കിൽ അടുത്തുള്ള ആരെങ്കിലും അവരോട് പറഞ്ഞിരിക്കാം.

അവരുടെ ചോദ്യത്തിലെ ഒരു ഭാഗം വിഡ്ഢിത്തമായിരുന്നു: *അവൻ* പാപം ചെയ്തിട്ടാണോ അവൻ പിറവിയിലേ കുരുടനായി ജനിച്ചത്? അവൻ ജനിക്കുന്നതിനു മുൻപു പാപം ചെയ്യുന്നതെങ്ങനെ?[5] അവരുടെ ചോദ്യത്തിന്റെ മറ്റൊരു വശം വിധി നിർണ്ണയമായിരുന്നു:അവന്റെ *അമ്മയപ്പന്മാർ* പാപം ചെയ്തിട്ടാണോ അവൻ കുരുടനായി പിറന്നത്? ചില പാപങ്ങൾ ഗർഭസ്ഥ ശിശുവിനെ ബാധിക്കാറുണ്ട്,[6] എന്നാൽ അവന്റെ മാതാപിതാക്കൾ അത്തരം പാപം ചെയ്തതായി അപ്പൊസ്തലന്മാർ അറിയുവാൻ സാധ്യതയില്ല.

ക്രിസ്തു മറുപടി പറഞ്ഞു, "അവനോ അവന്റെ അമ്മയപ്പന്മാരോ പാപം ചെയ്തിട്ടല്ല"[7] (വാ.3). പാപം എല്ലായ്പോഴും കഷ്ടത കൊണ്ടുവരുന്നു, എന്നാൽ എല്ലാ കഷ്ടതയും പാപം നിമിത്തം അല്ല താനും.[8] യേശു തുടർന്നു, "ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിന്നത്രേ" (വാ.3). തന്റെ പുത്രൻ വന്നു അത്ഭുതകരമായി അവനെ സൗഖ്യമാക്കേണ്ടതിന്നു ദൈവം ആണ് ആ മനുഷ്യനെ കുരുടനായി ജനിപ്പിച്ചത് എന്നു ചിന്തിക്കരുത്. മറിച്ച്, ക്രിസ്തു പറഞ്ഞത് ഓരോ പ്രയാസത്തിലും അവസരങ്ങൾ മറഞ്ഞിരിക്കുന്നു എന്നാണ്: ദൈവത്തിന്റെ കരുണയും കൃപയും പ്രകടിപ്പിക്കുവാനുള്ള അവസരം, മറ്റുള്ളവരെ സഹായിക്കുവാനുള്ള അവസരം, വിശ്വാസത്തിന്റെ ശക്തി പ്രദർശിപ്പിക്കുവാനുള്ള അവസരം, പിതാവിങ്കലേക്ക് വളരുവാനുള്ള അവസരവുമാണ്.[9] നമുക്ക് വിഷമം നേരിടുമ്പോൾ നാം ചിലപ്പോൾ ചോദിക്കും, "ഇതിനുതക്കവണ്ണം ഞാൻ ചെയ്ത തെറ്റ് എന്താണ്?" "ഒന്നുമില്ല" എന്നതായിരിക്കാം ഒരുപക്ഷെ ഉത്തരം. "ദൈവപ്രവൃത്തി വെളിവാക്കുവാൻ ഈ സാഹചര്യത്തെ എനിക്ക് എങ്ങനെ ഉപയോഗിക്കാം?" എന്നതായിരിക്കണം നാം ചോദിക്കേണ്ടത്.

യേശു പിന്നെ പറഞ്ഞു, "എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവൃത്തിച്ചുകൂടാത്ത രാത്രി വരുന്നു" (വാ. 4). ദൈവപ്രവൃത്തി അടിയന്തിരമായി ചെയ്യുവാനുള്ള അവസരമായി അപ്പൊസ്തലന്മാർ ആ യാചകനെ കാണേണ്ടിയിരുന്നു. മരണത്തിന്റെ "രാത്രി" യേശുവിന് അടുത്തുകൊണ്ടിരിക്കുകയായിരുന്നു, നമുക്ക് ഓരോരുത്തർക്കും അത് അടുത്തുകൊണ്ടിരിക്കുകയാണ്.[10] നമുക്ക് കഴിയുമ്പോൾ നാം പ്രവർത്തിക്കണം.

**സൗഖ്യമാകേണ്ട ഒരു മനുഷ്യൻ (വാ.5-7, 14)**

ക്രിസ്തു പറഞ്ഞു, "ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നു" (വാ.5). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "ഞാൻ ലോകത്തിൽ ആയിരിക്കുന്നേടത്തോളം മനുഷ്യനു വെളിച്ചം പകരുന്ന ഏതൊരവസരവും – ഈ അന്ധ യാചകനു കാഴ്ച്ച കൊടുക്കുന്നതടക്കം കണ്ടില്ലെന്നു നടിക്കുകയില്ല." വേദശാസ്ത്രപരമായി പരിഹരിക്കേണ്ട ഒരു പ്രശ്നമായിട്ടായിരുന്നു അപ്പൊസ്തലന്മാർ ആ മനുഷ്യനെ കണ്ടത്, എന്നാൽ കർത്താവ് അവനെ കണ്ടത് സഹായിക്കേണ്ട കുഴപ്പമുള്ളവനായിട്ടായിരുന്നു. കുറച്ചു മുൻപ്, യേശു പറഞ്ഞു, "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ, ജീവന്റെ

വെളിച്ചം ഉള്ളവൻ ആകും" (8:12). അവൻ ഇപ്പോൾ ആ പ്രസ്താവന പരിശോധിച്ച് നടപ്പാക്കുവാൻ പോകുന്നു.

"ഇങ്ങനെ പറഞ്ഞിട്ട് അവൻ നിലത്തു തുപ്പി തുപ്പൽ കൊണ്ടു ചേറുണ്ടാക്കി ചേറ് അവന്റെ (കുരുടന്റെ) കണ്ണിന്മേൽ പൂശി" (വാ.6). ക്രിസ്തു എന്തുകൊണ്ടാണ് ഈ നടപടി സ്വീകരിച്ചത് എന്നതിനെ കുറിച്ച് വ്യാഖ്യാതാക്കൾ പല ഊഹങ്ങളും നടത്തിയിട്ടുണ്ട്, എന്നാൽ വാസ്തവത്തിലുള്ളത് നമുക്ക് അറിയില്ല.[11] "അവൻ അത് ആഗ്രഹിച്ചു" എന്നതായിരിക്കും ഏറ്റവും നല്ല ഉത്തരം.

കണ്ണിൽ ചേറുള്ള ആ മനുഷ്യനോട് അവൻ പറഞ്ഞു, "നീ ചെന്നു ശിലോഹാം കുളത്തിൽ കഴുകുക" (വാ.7).[12] ജലചടങ്ങിനു വേണ്ട വെള്ളം വരുന്നത്, ശിലോഹാം കുളത്തിൽ നിന്നായിരുന്നു എന്ന് കൂടാരപ്പെരുന്നാളിനെ കുറിച്ച് പഠിച്ചപ്പോൾ നാം മനസിലാക്കി.[13] പട്ടണത്തിന്റെ തെക്കുകിഴക്കു ഭാഗത്തായിട്ടായിരുന്നു ആ കുളം സ്ഥിതി ചെയ്തിരുന്നത്,[14] യെരുശലേമിന്റെ ഒരു അതിരടയാളമായിരുന്നു അത്. പുരാതനലോകത്തിന്റെ കരകൗശല സാഹസികതയായി കണക്കാക്കാം. മതിലുകൾക്കപ്പുറത്തുള്ള ഒരുവിയിൽ നിന്നു പാറ തുളച്ച് തുരങ്കമുണ്ടാക്കിയാണ് ഹിസ്കിയാ രാജാവ് പട്ടണത്തിലേക്ക് വെള്ളം കൊണ്ടുവന്നത് (2 ദിനവൃത്താന്തം 32:2–4; യെശയ്യാവ് 22:9–11; 2 രാജാക്കന്മാർ 20:20 നോക്കുക). കുളത്തിനു "അയക്കപ്പെട്ടവൻ" എന്നും അർത്ഥമുണ്ടായിരുന്നു (9:7), കാരണം ആ വെള്ളം ഗുഹ വഴി അയക്കപ്പെട്ടതാണ്.

നമുക്ക് ആ കുരുടനിലേക്ക് ശ്രദ്ധ തിരിക്കേണ്ട സമയമായി; സംഭവത്തിലെ ശേഷിച്ച കാര്യങ്ങൾ മിക്കവയും അവനെ കേന്ദ്രീകരിച്ചുള്ളതാണ്. അവന്റെ സ്ഥാനത്ത് നിങ്ങളാണെന്നു വിചാരിക്കുക. അവൻ അവരോടൊപ്പമുണ്ടായിരുന്നില്ലെങ്കിലും ശിഷ്യന്മാർ അവനെ കുറിച്ചു ചർച്ച ചെയ്തതു കേട്ടപ്പോൾ അവൻ എന്തു വിചാരിച്ചു കാണും? അവന്റെ കണ്ണിൽ ചേറ് പൂശിയപ്പോഴും, അവനോട് "ശിലോഹാം കുളത്തിൽ, ചെന്നു കഴുകുക" എന്നു പറഞ്ഞപ്പോഴും അവനു എന്തു തോന്നിക്കാണും എന്നു ചിന്തിക്കുക. "നീ ശിലോഹാം കുളത്തിൽ ... ചെന്നു കഴുകിയാൽ നിനക്ക് സൗഖ്യം വരും" എന്ന് അവനോട് പറഞ്ഞിരുന്നില്ല. അവനോട് പറഞ്ഞത്, "നീ ചെന്നു കഴുകുക" എന്നു മാത്രമാണ്. ആ അസാധാരണ കല്പനയോട് നിങ്ങൾ ആയിരുന്നുവെങ്കിൽ എങ്ങനെ പ്രതികരിക്കും? ആ യാചകന്റെ പ്രതികരണം ഇതായിരുന്നു: "അവൻ പോയി കഴുകി" (വാ.7).

ആ കുരുടൻ യേശുവിനെ അനുസരിക്കുവാൻ കാരണമെന്താണ്? അവൻ മറ്റെവിടെയെങ്കിലും പോയി കഴുകാതെ ശിലോഹാം കുളത്തിൽ തന്നെ പോയി കഴുകുവാൻ കാരണമെന്ത്? എന്ന് എനിക്ക് ഊഹിക്കുവാൻ കഴിയും. ആ കുളത്തിൽനിന്ന് അവൻ കുറെ ദൂരെ ആയിരുന്നു എന്നതു തീർച്ചയാണ്.[15] ആ മനുഷ്യനു കാണുവാൻ കഴിഞ്ഞിരുന്നില്ല എന്ന കാര്യം മറക്കരുത്. നമുക്ക് മൈലുകൾ നടക്കുവാൻ കഴിയുന്നതിനേക്കാൾ വലിയ വെല്ലുവിളിയായിരുന്നു കുരുടനു ഏതാനും വാര പോലും നടക്കുക എന്നത്. യെരുശലേമിലെ ഇടുങ്ങിയ വീഥികളിലെ ജനക്കൂട്ടത്തിനിടയിലൂടെ അവൻ തപ്പിത്തടഞ്ഞ്, നടന്നു നീങ്ങുന്നത് നിങ്ങൾക്ക് കാണുവാൻ കഴിയുന്നുണ്ടോ? ആ യാത്ര എത്ര വിഷമമായിരുന്നിരിക്കും, എത്ര സമയം അതിന് എടുത്തിരിക്കും! വീണ്ടും ഞാൻ ചോദിക്കുന്നു, "എന്തുകൊണ്ടാണ് അവൻ യേശു

പറഞ്ഞത് ചെയ്തതു?"

അവൻ പിന്നീട് തന്റെ അയൽക്കാരോട് പറഞ്ഞു, "*യേശു എന്നു പേരുള്ള മനുഷ്യൻ* ചേറുണ്ടാക്കി എന്റെ കണ്ണിന്മേൽ പൂശി, ശിലോഹാം കുളത്തിൽ ചെന്നു കഴുകുക എന്ന് എന്നോട് പറഞ്ഞു; ഞാൻ പോയി കഴുകി കാഴ്ച്ച പ്രാപിച്ചു" (വാ.11; എംഫസിസ് മൈൻ). യേശുവിനെ കുറിച്ചും, അവൻ ചെയ്ത അത്ഭുതങ്ങളെ കുറിച്ചും, ആളുകൾ പറയുന്നത് ഒരുപക്ഷെ അവൻ കേട്ടിരിക്കാം (7:31 നോക്കുക). യേശു വാസ്തവത്തിൽ ആരായിരുന്നു എന്നതിനെ സംബന്ധിച്ച അവന്റെ അറിവ് പരിമിതമായിരുന്നു (വാ. 9:17, 36 നോക്കുക). എങ്കിലും, "ചെന്നു, കഴുകുക" എന്ന് ക്രിസ്തു പറഞ്ഞതു കുരുടന്റെ ഹൃദയത്തെ സ്പർശിക്കുകയും ഇത് "ഞാൻ ചെയ്യണം" എന്ന് അവന്റെ മനസിൽ തീർച്ചപ്പെടുത്തുകയും ചെയ്തു!

അതുകൊണ്ട് "അവൻ പോയി, കഴുകി കാഴ്ച്ച പ്രാപിച്ചു മടങ്ങി വന്നു" (വാ.7). "കാഴ്ച്ച പ്രാപിച്ചു മടങ്ങി വന്നു" എന്നതിൽ എത്ര വിസ്മയകരമായ അർത്ഥമാണുള്ളത്! ആ മനുഷ്യൻ അന്നുവരെ കാഴ്ച്ച അനുഭവിച്ചിട്ടില്ലായിരുന്നു. അവൻ നിറങ്ങളെ കുറിച്ച് കേട്ടിട്ടുണ്ട്, വിവരിക്കുന്നതു കേട്ടിട്ടുണ്ട്, ആകൃതികളെയെല്ലാം അവനു തോന്നിയിട്ടുണ്ട്. അപ്പോഴും, അവയെല്ലാം വാസ്തവത്തിൽ എങ്ങനെ *കാണപ്പെടും* എന്ന് അവനു ഒരു പിടിയുമില്ലായിരുന്നു.

ഈ രംഗം നിങ്ങളുടെ മനസിൽ സൂക്ഷിക്കുക. ശിലോഹാം കുളത്തിലേക്കുള്ള വഴിയിൽ അവൻ ഇടറിക്കാണും. അവൻ കുളത്തിനരികിലെത്തി, തന്റെ കൈക്കുമ്പിളിൽ വെള്ളം എടുത്ത്, തന്റെ കണ്ണുകളിൽ ഉണങ്ങിത്തുടങ്ങിയ ചേറിലേക്ക് തളിച്ചു കഴുകി. പിന്നെ അവൻ കണ്ണു തുറന്നപ്പോൾ അവനു കാണുവാൻ കഴിഞ്ഞു! അവനു വെള്ളം കാണുവാൻ കഴിഞ്ഞു; അവന്റെ കൈകൾ കാണുവാൻ കഴിഞ്ഞു! അവൻ തന്റെ തല ഉയർത്തി; കോലാഹലത്തിലായിരുന്ന ജനക്കൂട്ടത്തെ അവൻ കണ്ടു! അവൻ തല ഉയർത്തി നോക്കിയപ്പോൾ ആകാശം കാണുവാൻ കഴിഞ്ഞു; പക്ഷികളെയും അവൻ കണ്ടു! അവനുണ്ടായ അത്ഭുതത്തെ കുറിച്ചും, ആവേശത്തെ കുറിച്ചും ചിന്തിക്കുക! ആ അനുഗ്രഹങ്ങളും മറ്റുള്ളവയും നാലു വാക്കുകളിൽ ഒതുക്കി പറഞ്ഞിരിക്കുന്നു:[16] "കാഴ്ച്ച പ്രാപിച്ചു മടങ്ങി വന്നു"!

വാക്യം 14 അനുസരിച്ച് "യേശു ചേറുണ്ടാക്കി കുരുടന്റെ കണ്ണു തുറന്ന ദിവസം *ശബ്ബത്തായിരുന്നു"* (എംഫസിസ് മൈൻ). ആ സംഭവം തുറന്നു കാണിക്കുന്നത് ഓർമ്മിക്കുക. യേശു മറ്റൊരു രോഗിയെ ശബ്ബത്തിൽ സൗഖ്യമാക്കിയിട്ടുണ്ട്! കുഴപ്പങ്ങൾ വർദ്ധിച്ചു വരികയായിരുന്നു!

**പരിഹരിക്കേണ്ടിയിരുന്ന ഒരു പ്രശ്നം (വാ.8-14)**

കാഴ്ച്ച പ്രാപിച്ചശേഷം അവൻ എവിടേക്കാണ് പോകേണ്ടിയിരുന്നത്? യേശു എവിടെയായിരിക്കുമെന്ന് അവന് അറിയില്ലായിരുന്നു (വാ.1, 12), അതുകൊണ്ട് അവൻ ഭിക്ഷ യാചിച്ചിരുന്ന സ്ഥലത്തേക്കു മടങ്ങി വന്നു – പിന്നെ വീട്ടിലേക്ക് പോയി.

അയൽക്കാർ അവനെ കണ്ടപ്പോൾ, അവൻ തന്നെയോ എന്ന് അവർക്ക് തീർച്ചയില്ലായിരുന്നു. അവനെപോലെയുള്ളവനാണ് എന്ന് അവർക്ക് തോന്നി, പക്ഷെ കുരുടന്മാരുടെ നടത്തയല്ല അവന്റേത്. അവന്റെ കണ്ണു തുറന്ന് അവൻ നോക്കുന്നു. ഓരോ പുതിയ കാഴ്ച്ചയും അവനെ ആകർഷിക്കുന്നതുകൊണ്ട്,

അവൻ തല തിരിച്ച് അങ്ങോട്ടുമിങ്ങോട്ടും നോക്കുന്നു. അവനെ മുൻപു അറിഞ്ഞിരുന്നവർ വാദിച്ചു: "'ഇതു അവൻ തന്നെ' എന്നു ചിലർ പറഞ്ഞു. 'അല്ല, ഇതു അവനെപോലെയുള്ളവൻ'" എന്നു വേറെ ചിലർ പറഞ്ഞുകൊണ്ടിരുന്നു (വാ.9). അവർ അങ്ങനെ തർക്കിച്ചുകൊണ്ടിരുന്നപ്പോൾ, ആ മനുഷ്യൻ പറഞ്ഞു, "ഞാൻ തന്നെ" (വാ.9). ആളുകളുടെ ചോദ്യങ്ങൾക്ക് ഉത്തരമായി അവൻ സംഭവം ആവർത്തിച്ചപ്പോൾ ഒരുപക്ഷെ അവൻ ചിരിച്ചുകാണും.

> അവർ അവനോട് "നിന്റെ കണ്ണു തുറന്നതു എങ്ങനെ?" എന്നു ചോദിച്ചതിന്നു അവൻ പറഞ്ഞു, "യേശു എന്നു പേരുള്ള മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണിന്മേൽ പൂശി, 'ശിലോഹോം കുളത്തിൽ ചെന്നു കഴുകുക' എന്നു എന്നോട് പറഞ്ഞു. ഞാൻ പോയി കഴുകി കാഴ്ച്ച പ്രാപിച്ചു." അവർ അവനോട്, "അവൻ എവിടെ?" എന്നു ചോദിച്ചു. "അറിയുന്നില്ല" എന്നു ഉത്തരം പറഞ്ഞു (വാ. 10–12).

പരിഹരിക്കേണ്ട ഒരു പ്രശ്നമായിട്ടായിരുന്നു ശിഷ്യന്മാർ അവനെ കണ്ടത്; ഇപ്പോൾ അയൽക്കാർക്കും അവൻ പരിഹരിക്കേണ്ട ഒരു പ്രശ്നമായിരിക്കുന്നു. അത്ഭുതത്തിന്റെ യാഥാർത്ഥ്യം അവരെ പരിഭ്രാന്തരാക്കി യേശുവിനു മതിപ്പുണ്ടാക്കിയ ആ സൗഖ്യമാക്കൽ അവരെ തെറ്റിദ്ധരിപ്പിച്ചു (വാ.16, 22 നോക്കുക), ആ അത്ഭുതം നടന്നത് ശബ്ബത്തിലായിരുന്നു എന്നതും (വാ.14) അവരെ കുഴപ്പത്തിലാക്കി. അവർക്ക് ആ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട്, അവനെ അവർ എല്ലാ ഉത്തരങ്ങളും ഉള്ളവരുടെ അടുക്കലേക്ക് വലിച്ചിഴച്ചുകൊണ്ടുപോയി:അവർ യെരുശലേമിലെ മതാദ്ധ്യക്ഷന്മാരായിരുന്നു (വാ.13).[17]

**ഒഴിവാക്കേണ്ട ഒരു വിഷമാവസ്ഥ (വാ.15-17, 22)**

സംഭവിച്ചതെന്താണെന്ന് പരീശന്മാർ അവനോട് ചോദിച്ചതിനു വീണ്ടും അവന് അതു പറയേണ്ടിവന്നു (വാ.15). ആ സംഭാഷണത്തിൽ അവൻ യേശുവിന്റെ പേർ പറഞ്ഞില്ല, എന്നാൽ ആ മനുഷ്യൻ കണ്ടുമുട്ടിയതു ആരെയായിരുന്നു എന്ന് അധികാരികൾക്ക് മനസിലായി (വാ.22). അവനെ സൗഖ്യമാക്കിയത് ആരാണെന്നറിഞ്ഞ ഉടനെ അവർ പറഞ്ഞു, "അവൻ ശബ്ബത്ത് പ്രമാണിക്കായ്കകൊണ്ട്, അവൻ ദൈവത്തിൽനിന്നുള്ളവനല്ല."[18] (വാ.16).

മുൻപ് ക്രിസ്തു ശബ്ബത്തിൽ സൗഖ്യമാക്കിയിരുന്നതുകൊണ്ട് അവൻ യെരുശലേമിലെ അദ്ധ്യക്ഷന്മാരുമായി ഏറ്റുമുട്ടിയിരുന്നു (യോഹന്നാൻ 5:1, 9, 10, 16, 18; 7:21–23). ഈ സമയത്ത് അവൻ സൗഖ്യമാക്കുക മാത്രമല്ല ചെയ്തത്; അവൻ ചേറുണ്ടാക്കുന്ന ധിക്കാരപ്രവൃത്തി കൂടെ ചെയ്തു.[19] അവരുടെ പാരമ്പര്യമനുസരിച്ച്, യേശു ഒരിക്കൽ അല്ല പല പ്രാവശ്യം, പ്രവൃത്തി ചെയ്തു!

ക്രിസ്തുവിനെ കുറിച്ചുള്ള അധികാരികളുടെ വിവേചനത്തെ താഴെ കൊടുത്തിരിക്കുന്ന അനുമാനപ്രമാണമായി ചുരുക്കി പറയാം.[20]

- മുഖ്യ സ്ഥലം: "ശബ്ബത്തിനെ കുറിച്ചുള്ള ഞങ്ങളുടെ സമ്പ്രദായങ്ങളെ ലംഘിക്കുന്ന ഏതൊരാളും പാപിയാണ്."

- ചെറിയ സ്ഥലം: "ശബ്ബത്തിനെ കുറിച്ചുള്ള ഞങ്ങളുടെ സമ്പ്രദായങ്ങളെ യേശു ലംഘിക്കുന്നു."
- തീർപ്പ്: "അതുകൊണ്ട്, അവൻ ഒരു പാപി ആകുന്നു."

അനുമാനപ്രമാണത്തിൽ, മുഖ്യസ്ഥാനത്തേതും, ചെറിയ സ്ഥാനത്തേതും വാസ്തവമാണെങ്കിൽ, തീർപ്പു ശരിയാകണം. എന്നാൽ പരീശന്മാരുടെ അനുമാനപ്രമാണത്തിലെ പ്രശ്നം, മുഖ്യസ്ഥാനത്തേതു അവാസ്തവമായിരുന്നു. കാരണം അവരുടെ സമ്പ്രദായങ്ങൾ ആരംഭിച്ചതു ദൈവത്തിൽനിന്നല്ല, മനുഷ്യരിൽനിന്നായിരുന്നു (മത്തായി 15:1–9 നോക്കുക).

വാക്യം 16 ന്റെ അവസാനഭാഗം ഒന്നു കണ്ണോടിച്ചാൽ പരീശന്മാർ പിന്നിൽ എതിർ–വിസ്താരം നടത്തിക്കൊണ്ടിരുന്നതായി കാണാം: "എന്നാൽ മറ്റു ചിലർ (അതായത്, മതാധികാരികളിൽ ചിലർ) പറഞ്ഞു, 'പാപിയായോരു മനുഷ്യന്നു ഇങ്ങനെയുള്ള അടയാളങ്ങൾ ചെയ്യുവാൻ എങ്ങനെ കഴിയും?'" (വാ.16).[21] അവരുടെ അനുമാനപ്രമാണം തെറ്റാണെന്ന് അവർക്ക് മനസിലായിരുന്നില്ല. എന്നാൽ ആ തീർപ്പ് ശരിയല്ല എന്നു കുറെപേർ മനസിലാക്കിയിരുന്നു. അതുകൊണ്ട്, "അവർക്കിടയിൽ ഭിന്നതയുണ്ടായി" (വാ.16). ഒരു നിയമമായി, ഭിന്നത ആഗ്രഹിക്കരുതാത്തതാണ് (1 കൊരിന്ത്യർ 1:10), പക്ഷെ ഇവിടെ അതു നന്നായി. തലക്കനവും, ഹൃദയകാഠിന്യവുമുള്ള ന്യായാധിപസഭയിലെ ചിലരിലെങ്കിലും യേശുവിന്റെ ശുശ്രൂഷ ഫലിക്കുകയുണ്ടായി![22]

എങ്ങനെയായാലും, ഭൂരിഭാഗം പേർക്കും അതു പ്രസാദകരമായിരുന്നില്ല. സൗഖ്യമായ മനുഷ്യനെ അവർ കർശനമായി ചോദ്യം ചെയ്തുകൊണ്ടിരുന്നു: "നിന്റെ കണ്ണു തുറന്നതുകൊണ്ട്, നീ അവനെകുറിച്ച് എന്തു പറയുന്നു?" (വാ.17). മറുപടിയായി, "അവൻ ഒരു പ്രവാചകൻ ആകുന്നു" എന്നു പറഞ്ഞു[23] (വാ.17). യേശു വാസ്തവത്തിൽ ആരായിരുന്നു എന്ന് അവനു അപ്പോഴും തീർച്ചയില്ലായിരുന്നു:എന്നാൽ, അവന്നു അത്ഭുതം ചെയ്യുവാൻ കഴിവുള്ളതുകൊണ്ട്, അവൻ ചുരുങ്ങിയത് ഒരുപ്രവാചകനെങ്കിലും ആയിരിക്കുമെന്ന് ആ മനുഷ്യൻ തിരിച്ചറിഞ്ഞു.[24]

**ഒഴിവാക്കേണ്ട ഒരു കെണി (വാ.18-23)**

ആ മനുഷ്യൻ സൗഖ്യമായി എന്നു നുണ പറയുകയാണെന്ന് വിസ്താരം നടത്തിയ ചിലർ വിചാരിച്ചു,[25] അതുകൊണ്ട് അവന്റെ അമ്മയെയും അപ്പനെയും വിളിപ്പാൻ ആളയച്ചു (വാ.18). ആ മനുഷ്യന്റെ അമ്മയും അപ്പനും ഭയന്നു വിറച്ചുകൊണ്ട് ആ ദേശത്തെ പരമാധികാരികളുടെ മുമ്പിൽ വന്നു നിന്നു (വാ.22). ന്യായാധിപസഭ അവനോട് മൂന്നു ചോദ്യങ്ങൾ ചോദിച്ചു: (1) "ഇവൻ[26] നിങ്ങളുടെ മകൻ തന്നെയോ?"; (2) "ഇവൻ കുരുടൻ ആയി പിറന്നവനോ?"; (3) "അവന്നു എങ്ങനെ കാഴ്ച്ച ലഭിച്ചു?" (വാ.19).

ആദ്യത്തെ രണ്ടു ചോദ്യങ്ങൾക്ക് അവന്റെ അമ്മയപ്പന്മാർ – തറപ്പിച്ച് ഉത്തരം പറഞ്ഞു. മൂന്നാമത്തെ ചോദ്യത്തിനു ഉത്തരം നൽകുവാൻ അവർ മടിച്ചു, "യെഹൂദന്മാരെ ഭയപ്പെടുകകൊണ്ടത്രേ അവന്റെ അമ്മയപ്പന്മാർ അങ്ങനെ പറഞ്ഞത്, അവനെ ക്രിസ്തു എന്നു ഏറ്റു പറയുന്നവൻ പള്ളിഭ്രഷ്ടനാകേണം എന്നു യെഹൂദന്മാർ തമ്മിൽ പറഞ്ഞൊത്തിരുന്നു" (വാ.22). "പള്ളിഭ്രഷ്ടരാക്കിയാൽ"[27] അതിന്റെ പ്രത്യാഘാതം രാഷ്ട്രീയമായും, സാമൂഹ്യമായും, മതപരമായും, സാമ്പത്തികമായും വലുതായിരിക്കും. പള്ളിഭ്ര

ഷ്ടാക്കിയ ഒരാൾ എല്ലാ നിലയിലും, യെഹൂദ ദേശത്തിൽനിന്നു ഛേദിക്കപ്പെടുകയാണ്.[28] യെഹൂദാധികാരികളുടെ കയ്യിലുള്ള ശക്തമായ ആയുധമാണ് പുറത്താക്കൽ ഭീഷണി.

ആ മനുഷ്യൻ സൗഖ്യമായതിൽ *ആരെങ്കിലും* സന്തോഷിച്ചു കാണുമെന്നു നാം വിചാരിക്കും, പക്ഷെ ആരുമുണ്ടായില്ല. ആ മനുഷ്യൻ പരിഹരിക്കേണ്ട ഒരു പ്രശ്നമായിട്ടാണ് അയൽക്കാർ അവനെ കണ്ടത്. ഉപേക്ഷിക്കേണ്ട ഒരു കെണിയായിട്ടാണ് അവനെ ഇപ്പോൾ അവന്റെ അമ്മയപ്പന്മാർ കാണുന്നത്. 3 – ാമത്തെ ചോദ്യമായ – അവനു എങ്ങനെ കാഴ്ച്ച ലഭിച്ചു എന്ന ചോദ്യത്തിനു അവർ പറഞ്ഞു, "... എന്നാൽ കണ്ണു കാണുന്നതു എങ്ങനെ എന്നു അറിയുന്നില്ല, അവന്റെ കണ്ണ് ആർ തുറന്നു എന്നും അറിയുന്നില്ല. അവനോട് ചോദിപ്പിൻ, അവന്നു പ്രായമുണ്ടല്ലൊ,[29] അവൻ തന്നെ പറയും" (വാ.21).

**ഒഴിവാക്കേണ്ട ഒരു ബാധ (വാ.24-34)**

അവന്റെ അമ്മയപ്പന്മാരിൽ നിന്നു തൃപ്തികരമായ മറുപടി ലഭിക്കാതിരുന്നതുകൊണ്ട് പരീശന്മാരുടെ ആക്രമണം മകനിൽ ആവർത്തിക്കുവാൻ തുടങ്ങി. "ആകയാൽ ആ കുരുടനായിരുന്ന മനുഷ്യനെ അവർ രണ്ടാമതും വിളിപ്പിച്ചു" (വാ.24). കാഴ്ച്ച പ്രാപിച്ചതിൽ നിഷേധമായ മറ്റൊരു വശം കൂടെയുണ്ടെന്നു ആ യാചകൻ തിരിച്ചറിഞ്ഞു. അവൻ മുൻപു വെറുപ്പിനെക്കുറിച്ച് കേട്ടിട്ടുണ്ട്; ഇപ്പോൾ, അവൻ അതു ആദ്യമായി, കണ്ടു; കണ്ണുകൾ കോപംകൊണ്ടു ത്രസിക്കുന്നു, ചുണ്ടുകൾ വിറക്കുന്നു, അവിശ്വാസത്തിൽ നെറ്റി ചുളിക്കുന്നു.

അവർ ആ മനുഷ്യനോടു പറഞ്ഞു, "ദൈവത്തിന്നു മഹത്വം കൊടുക്ക, ആ മനുഷ്യൻ പാപി എന്നു ഞങ്ങൾ അറിയുന്നു" (വാ.24). "ദൈവത്തിന്നു മഹത്വം കൊടുക്ക" എന്നതിന്റെ അർത്ഥം "ക്രിസ്തുവിനല്ല, ദൈവത്തിനാണ് മഹത്വം കൊടുക്കേണ്ടത്" എന്നാണ്. ഒരുപക്ഷെ സത്യം ആണയിട്ടു പറയുവാനുള്ള നിർദ്ദേശമായിരിക്കാം (യോശുവ 7:19). സൂചന എന്താണെന്നു വെച്ചാൽ "വാസ്തവത്തിൽ സംഭവിച്ചത് ഞങ്ങളോട് പറക" എന്നായിരുന്നു!

പിന്നീട് നടന്ന ആശയവിനിമയം നിർണ്ണായകമായിരുന്നു. അവർ ആ മനുഷ്യനെ എത്രത്തോളം വിഷമിപ്പിച്ചുവോ അത്രത്തോളം ക്രിസ്തുവിലുള്ള അവന്റെ വിശ്വാസം പ്രബലപ്പെടുകയായിരുന്നു. ഒരാൾ കുരുടനായി പിറന്നാൽ, അവനു വിദ്യാഭ്യാസം കുറവായിരിക്കും അല്ലെങ്കിൽ ഒട്ടും കാണുകയില്ല, എന്നിട്ടും അവൻ പഠിപ്പുള്ള തന്റെ എതിരാളികളെ നേരിട്ടു.

അവൻ മറുപടി പറഞ്ഞു, "അവൻ പാപിയോ അല്ലയോ എന്നു ഞാൻ അറിയുന്നില്ല, ഒന്നു അറിയുന്നു; ഞാൻ കുരുടനായിരുന്നു, ഇപ്പോൾ കാണുന്നു" (വാ.25). അവർ അവനെ നിർബ്ബന്ധിച്ചുകൊണ്ടിരുന്നു (വാ.26). പ്രകോപിതനായി, ആ മനുഷ്യൻ പറഞ്ഞു, "ഞാൻ നിങ്ങളോട് പറഞ്ഞുവല്ലൊ, നിങ്ങൾ ശ്രദ്ധിച്ചില്ല; വീണ്ടും കേൾപ്പാൻ ഇഛിക്കുന്നത് എന്ത്?" (വാ.27). പിന്നെ അവൻ കൂട്ടിച്ചേർത്തു, "നിങ്ങൾക്കും[30] അവന്റെ ശിഷ്യന്മാർ ആകുവാൻ മനസുണ്ടോ?"[31] (വാ.27).

കുത്ത് കൊണ്ടിട്ട്, അവർ ശകാരിക്കുവാനൊരുങ്ങി: "നീ അവന്റെ ശിഷ്യൻ, ഞങ്ങൾ മോശെയുടെ ശിഷ്യന്മാർ. മോശെയോട് ദൈവം സംസാ

രിച്ചു എന്നു ഞങ്ങൾ അറിയുന്നു, എന്നാൽ ഇവനോ എവിടെനിന്ന് എന്നു അറിയുന്നില്ല എന്നു പറഞ്ഞു" (വാ.28, 29).

അവൻ മറുപടിയായി പറഞ്ഞു, "ഇതു ആശ്ചര്യമായിരിക്കുന്നു" (വാ.30). അവനെ സൗഖ്യമാക്കിയവൻ ഏറ്റവും ജീവിച്ചിരിക്കുന്ന അതിശയിക്കത്തക്ക വ്യക്തിയാണ്, എന്നിട്ടും എല്ലാം അറിയാമെന്നു അവകാശപ്പെടുന്നവർക്ക് അവനെ കുറിച്ച് ഒന്നും അറിയില്ല (വാ.30)!

ആ മനുഷ്യൻ പറഞ്ഞു, "പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും ദൈവഭക്തനായിരുന്ന് അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന കേൾക്കുന്നു എന്നും നാം അറിയുന്നു" (വാ.31). തങ്ങൾ മോശെയുടെ ശിഷ്യന്മാരാണെന്നു ആ അദ്ധ്യക്ഷന്മാർ പറഞ്ഞതുകൊണ്ടാണ് തിരുവെഴുത്തിൽ ദൈവം പാപികളുടെ പ്രാർത്ഥന കേൾക്കുന്നില്ല എന്ന് അവൻ അവരെ ഓർമ്മിപ്പിച്ചത് (1 ശമുവേൽ 8:18; ഇയ്യോബ് 27:9; സങ്കീർത്തനങ്ങൾ 18:41; 34:15, 16; 66:18; 145:19, 20; സദൃശവാക്യങ്ങൾ 1:28; 15:29; യെശയ്യാവ് 1:15; 59:2; യെഹെസ്കേൽ 8:18).[32]

അവൻ തുടർന്നു, "കുരുടനായി പിറന്നവന്റെ കണ്ണ് ആരെങ്കിലും തുറന്നപ്രകാരം ലോകം ഉണ്ടായതുമുതൽ കേട്ടിട്ടില്ല" (വാ.32). കഴിഞ്ഞ കാലങ്ങളിൽ ധാരാളം അത്ഭുതങ്ങൾ നടന്നിട്ടുണ്ട്, പക്ഷെ യേശു ലോകത്തിലേക്ക് വരുന്നതുവരെ ആരും തന്നെ ഒരു കുരുടനു കാഴ്ച്ച നല്കിയിട്ടില്ല.[33] നമുക്ക് അറിയാവുന്നേടത്തോളം, ഇതിനു മുൻപ് യേശുവും ജന്മനാ കുരുടനായിരുന്നയാൾക്ക് കാഴ്ച്ച നല്കിയിട്ടില്ല.[34]

അവൻ പറഞ്ഞവസാനിപ്പിച്ചു, "ദൈവത്തിന്റെ അടുക്കൽനിന്നു വന്നവനല്ല എങ്കിൽ അവനു ഒന്നും ചെയ്യുവാൻ കഴിയുകയില്ല'' (വാ.33). പരീശന്മാർ തെറ്റായ അനുമാനപ്രമാണപ്രകാരം യേശുവിൽ പഴി ചുമത്തി; ഇപ്പോൾ, യാചകൻ അവന്നു വലിയ വില കല്പിച്ചിരിക്കുന്നു:

- പ്രധാന പ്രസ്താവന: "ദൈവം പാപികളുടെ പ്രാർത്ഥന കേൾക്കുന്നില്ല."
- ചെറിയ പ്രസ്താവന: "ദൈവം തീർച്ചയായും ആ മനുഷ്യന്റെ പ്രാർത്ഥന കേൾക്കുന്നു."[35]
- തീർപ്പ്: "അതുകൊണ്ട്, അവൻ പാപിയല്ല."

അവന്റെ യുക്തിക്ക് മറുപടി പറയുവാൻ അവർക്ക് കഴിഞ്ഞില്ല, അതുകൊണ്ട് അവർ താർക്കികന്മാരുടെ ഒരു സൂത്രം ഉപയോഗിച്ചു: ഒരു വാദത്തിനു മറുപടി പറയുവാൻ നിങ്ങൾക്ക് കഴിയാതെ വരുമ്പോൾ തർക്കം ഉന്നയിച്ചവനെ ആക്രമിക്കുക എന്നതാണ് അത്. അവർ പറഞ്ഞു, "നീ മുഴുവനും പാപത്തിൽ പിറന്നവൻ,[36] നീ *ഞങ്ങളെ* ഉപദേശിക്കുന്നുവോ?" (വാ.34; എംഫസിസ് മൈൻ).

പിന്നെ "അവർ അവനെ പുറത്താക്കി" (വാ.34). അതിനർത്ഥം അവർ അവനെ പുറത്താക്കി വാതിലടച്ചു എന്നാണ്, ഒരുപക്ഷെ അവന്റെ അമ്മയപ്പന്മാർ ഭയന്ന ശിക്ഷ അവനെ കാത്തിരിക്കുന്നുണ്ടാകാം – "പള്ളിഭ്രഷ്ടനാക്കുക" (വാ.22), ആളുകളിൽനിന്നു ഛേദിച്ചുകളയുക.[37] ആ ദിവസം എന്തൊരു അനുഭവമായിരുന്നു അവന്റേത്:[38] പ്രഭാതത്തിൽ കുരുടനായിരുന്നു, പകലായപ്പോൾ സൗഖ്യമാകയും ദേശത്തിന്റെ പരമോന്നത നീതിന്യായ

സഭയിലേക്ക് ക്ഷണിക്കപ്പെടുകയും രാത്രിയാകുന്നതിനു മുൻപ് ദൈവഭവനത്തിൽനിന്നു പുറത്താക്കുകയും ചെയ്യുന്നു!

**രക്ഷിക്കപ്പെടേണ്ട ഒരു വ്യക്തി (വാ.35-38)**

ന്യായാധിപസഭ വിട്ടുപോയ ആ മനുഷ്യൻ എവിടേക്കാണ് പോയത്? അവനു ദൈവാലയത്തിൽ താമസിക്കുവാൻ കഴിഞ്ഞില്ല, അവന്റെ യാചനാസ്ഥാനത്തേക്ക് പോകുവാൻ കഴിഞ്ഞില്ല, അവന്റെ വീട്ടിലേക്കോ, അയൽക്കാരുടെ അടുക്കലേക്കോ പോകുവാനും കഴിയുമായിരുന്നില്ല.[39] എവിടെയും പോകുവാൻ ഇടമില്ലാത്ത മനുഷ്യനായി അവൻ മാറി. അത് എങ്ങനെ ആയിരിക്കുമെന്ന് നിങ്ങളിൽ ചിലർക്കെങ്കിലും അറിയാമായിരിക്കും.

അവൻ പരസ്യമായ ഒരു സ്ഥലത്തേക്ക് പോയി എന്നു നമുക്ക് അറിയാം (വാ.35, 39, 40). അവൻ എവിടെ പോയിരുന്നാലും, കർത്താവ് അവനെ കണ്ടു: "അവനെ പുറത്താക്കി എന്ന് യേശു കേട്ടു, അവനെ കണ്ടപ്പോൾ, അവൻ പറഞ്ഞു, ..." (വാ.35). ആ സംഭവത്തിലുടനീളം, ആ ഭിക്ഷക്കാരന്റെ കാര്യത്തിൽ മുൻകൈ എടുത്തത് യേശുവായിരുന്നു – നമ്മോടും അവൻ അങ്ങനെയാണ് ചെയ്യുന്നത് (1 യോഹന്നാൻ 4:10). കൂടാതെ, ആ സംഭവത്തിലുടനീളം ആ മനുഷ്യനെ ഒരു വ്യക്തിയായി കണ്ടത് യേശു മാത്രമായിരുന്നു. മുൻപ്, യേശു അവനെ കണ്ടത് സൗഖ്യമാകേണ്ട ഒരു വ്യക്തിയായിട്ടായിരുന്നു; ഇപ്പോൾ അവനെ കണ്ടത് രക്ഷിക്കപ്പെടേണ്ട ഒരു വ്യക്തിയായിട്ടാണ്.

"നീ മനുഷ്യപുത്രനിൽ വിശ്വസിക്കുന്നുവോ?" എന്ന് അവൻ ആ സൗഖ്യമായ മനുഷ്യനോട് ചോദിച്ചു.[40] (വാ.35). ഗ്രീക്ക് വേദപുസ്തകത്തിൽ, "നീ" എന്ന വാക്കിനു, ഊന്നൽ കൊടുത്തിരിക്കുന്നു. "നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ?"[41]

അവൻ മറുപടി പറഞ്ഞു, "യജമാനനേ,[42] ഞാൻ വിശ്വസിക്കേണ്ടതിന് അവൻ ആർ?" (വാ.36). മുൻപ് അവൻ യേശുവിനെ കുറിച്ച് *കേട്ടിരുന്നു*, പക്ഷെ അവനെ *കണ്ടിരുന്നില്ല.* ആ മനുഷ്യൻ വിശ്വസിക്കുവാൻ മനസ് കാണിച്ചത് ശ്രദ്ധിക്കുക. വിശ്വസിക്കുവാൻ തീരുമാനിക്കാത്തവന്, ഒരു ഫലവുമില്ല എന്ന് ലോകത്തിൽ നിരവധി തെളിവുകൾ നൽകാവുന്നതാണ്. ബുദ്ധിയുടേയും മനസിന്റേയും പ്രതികരണമാണ് വിശ്വാസം.

യേശു അവനോട് പറഞ്ഞു, "നീ അവനെ കണ്ടിട്ടുണ്ട്, നിന്നോട് സംസാരിക്കുന്നവൻ അവൻ തന്നെ" (വാ.37). വേറൊരർത്ഥത്തിൽ പറഞ്ഞാൽ, "നീ നോക്കിക്കൊണ്ടിരിക്കുന്ന! ഞാൻ തന്നെ ദൈവപുത്രൻ!"

ക്രിസ്തു അതു പറഞ്ഞപ്പോൾ, എല്ലാം യോജിച്ചു. ആ മനുഷ്യൻ പറഞ്ഞു, "കർത്താവേ, ഞാൻ വിശ്വസിക്കുന്നു" (വാ.38). കുളത്തിൽവെച്ച് ആ മനുഷ്യന്റെ ശാരീരിക അന്ധത മാറി ശാരീരിക കാഴ്ച്ച ലഭിക്കുവാൻ ഏതാനും നിമിഷങ്ങളേ വേണ്ടി വന്നുള്ളു. എന്നാൽ അവന്റെ ആത്മിയ അന്ധതയിൽനിന്നു ആത്മിയ പ്രകാശത്തിലേക്ക് മാറുവാൻ മണിക്കൂറുകൾ എടുത്തു.

ആ മനുഷ്യന്റെ വിശ്വാസയാത്ര പൂർത്തിയായി: അവൻ ആദ്യം കർത്താവിനെ "യേശു എന്നു പേരുള്ള മനുഷ്യൻ" എന്നാണ് പറഞ്ഞത് (വാ.11). പിന്നീട് അവനെ ഒരു "പ്രവാചകൻ" എന്നു പറഞ്ഞു (വാ.17) അതിനു ശേഷം "അവൻ ... ദൈവത്തിൽനിന്നുള്ളവൻ" എന്നു പറഞ്ഞു (വാ.33).

അവസാനം, അവൻ, അവനെ ''കർത്താവേ'' എന്നു വിളിച്ചു (വാ.38; പ്രവൃത്തികൾ 2:36; 1 കൊരിന്ത്യർ 12:3 നോക്കുക). എന്നെ കുറിച്ചോ – അല്ലെങ്കിൽ ഏതൊരു മനുഷ്യനെ കുറിച്ചായാലും, കൂടുതൽ അറിയുമ്പോൾ – കൂടുതൽ തെറ്റുകൾ കണ്ടെത്തുകയും, നിരാശരാകുകയും ചെയ്യും. നേരെ മറിച്ച്, യേശുവിനെ കുറിച്ച് കൂടുതൽ അറിയുന്തോറും, "അതിശയം വർദ്ധിക്കുകയും, അവ ഈ കാലത്തിൽ മാത്രമല്ല, വരുവാനുള്ള നിത്യതയിലും സത്യമാണെന്ന് തെളിയും".[43]

സൗഖ്യമായ മനുഷ്യൻ പിന്നെ യേശുവിനെ "നമസ്ക്കരിച്ചു" (വാ.38).[44] അവന്റേത് സ്വമേധയായുള്ള പ്രതികരണം ആയിരുന്നു. ആ യാചകനോട് നമസ്ക്കരിക്കുവാൻ കല്പിച്ചില്ല. തന്റെ ശരീരത്തിനും ആത്മാവിനും ഒരുപോലെ വെളിച്ചം നല്കിയവനെ നമസ്ക്കരിക്കുവാൻ ആവൻ *ആഗ്രഹിച്ചു*. യേശു ആരാണെന്നും അവൻ തനിക്ക് എന്തു ചെയ്തു എന്നും ഒരാൾ തിരിച്ചറിഞ്ഞാൽ, അയാൾക്ക് അവനെ മഹത്വപ്പെടുത്തി നമസ്ക്കരിക്കാതിരിപ്പാൻ കഴിയുകയില്ല!

**കുരുടരായ മനുഷ്യർ (വാ.39-41)**

സംഭവം തീർത്തും അവസാനിച്ചില്ല. ശാരീരിക അന്ധതയുണ്ടായിരുന്ന ആ ഭിക്ഷക്കാരൻ വിശ്വാസത്തിലേക്ക് വന്നതും, ആത്മീയ അന്ധരായിരുന്ന പരീശന്മാർ തന്നിൽ വിശ്വസിക്കാതിരുന്നതും തമ്മിലുള്ള വ്യത്യാസം യേശു വ്യക്തമാക്കി. ആ മനുഷ്യൻ വെളിച്ചത്തിലേക്ക് കൂടുതൽ അടുത്തുകൊണ്ടിരുന്നുവെങ്കിൽ, ക്രിസ്തുവിന്റെ ശത്രുക്കൾ കൂടുതൽ ഇരുട്ടിലേക്ക് വലിയുകയായിരുന്നു.

പരസ്യമായ ഒരു സ്ഥലത്തുവെച്ച് യേശു ആ മനുഷ്യനെ കണ്ടതായി നാം മുൻപു കണ്ടു. യേശുവിന്റെ നാമം അപ്പോഴേക്കും എല്ലാ നാവുകളിലുമുണ്ടായിരുന്നു (യോഹന്നാൻ 7:12), ഇപ്പോൾ പുറത്താക്കിയ മനുഷ്യനെക്കുറിച്ചുള്ള വാർത്തയും പരന്നു (യോഹന്നാൻ 9:35). രണ്ടു കുപ്രസിദ്ധരായവർ ഒരു സ്ഥലത്തു ഒന്നിച്ചത്, ജനക്കൂട്ടത്തെ ആകർഷിച്ചിരിക്കണം – അതിൽ യേശുവിന്റെ ജീവൻ എടുക്കുവാൻ ഇഛിച്ചവരും, കുറച്ചു മുൻപ് സൗഖ്യമായവനെ പള്ളിയിൽനിന്നുപുറത്താക്കിയവരും ഉൾപ്പെട്ടിരുന്നു (വാ.40).

ക്രിസ്തു ജനക്കൂട്ടത്തെ നോക്കി പറഞ്ഞു, "ന്യായവിധിക്കായി ഞാൻ ലോകത്തിൽ വന്നു" (വാ.39). ആളുകളുടെ രക്ഷക്കായിരുന്നു അവൻ ലോകത്തിലേക്ക് വന്നത് (യോഹന്നാൻ 3:17; 12:47; ലൂക്കൊസ് 19:10 നോക്കുക),[45] എന്നാൽ അവന്റെ വരവിന്റെ ഒരു ഫലം ന്യായവിധിയായിരുന്നു (യോഹന്നാൻ 5:22; 12:48). വെളിച്ചം പ്രകാശിക്കുകമാത്രമല്ല, എടുത്തുകാണിക്കുകയും ചെയ്യും.

അവന്റെ വരവിന്റെ ഉദ്ദേശം, അവൻ തുടർന്നു, ''കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടരാകുവാനും" (വാ.39). ശാരീരിക അന്ധതയും ആത്മിക അന്ധതയും തമ്മിലുള്ള വ്യത്യാസം എടുത്തു കാട്ടി, കർത്താവ് ഇവിടെ വാക്കുകളാൽ അമ്മാനമാടുകയായിരുന്നു: അവൻ വന്നതിന്റെ ഉദ്ദേശം, ശാരീരിക അന്ധതയുള്ളവർക്ക് കാഴ്ച്ച ലഭിക്കുന്നതിനും, ആത്മിക ഉൾക്കാഴ്ച്ചയുണ്ടെന്ന് *അവകാശപ്പെട്ടിരുന്ന*വരുടെ ആത്മിക അന്ധത എടുത്തു കാണിക്കുന്നതിനുമായിരുന്നു.

കേട്ടുകൊണ്ടിരുന്ന പരീശന്മാർ അതു തങ്ങളെക്കുറിച്ചായിരിക്കുമെന്നു സംശയിച്ചു. അവർ പറഞ്ഞു, "ഞങ്ങളും കുരുടരോ?" (വാ.40). മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവർ പറഞ്ഞു, "തീർച്ചയായും, നീ പറഞ്ഞതു ഞങ്ങളെ കുറിച്ചല്ല!" യേശു മറുപടി പറഞ്ഞു, "നിങ്ങൾ കുരുടന്മാരായിരുന്നുവെങ്കിൽ നിങ്ങൾക്കു പാപം ഇല്ലായിരുന്നു, എന്നാൽ ഞങ്ങൾ കാണുന്നു എന്നു പറയുന്നതുകൊണ്ട്, നിങ്ങളുടെ പാപം നില്ക്കുന്നു" (വാക്യം 41). അവൻ വാക്കുകൾകൊണ്ട് അമ്മാനമാടുന്നതു തുടർന്നു. ഫലത്തിൽ അവൻ ആ മതാദ്ധ്യക്ഷന്മാരോട് പറഞ്ഞു, "നിങ്ങൾ *ശാരീരിക* അന്ധതയിലായിരുന്നുവെങ്കിൽ, അതു ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തെ ബാധിക്കുമായിരുന്നില്ല; എന്നാൽ നിങ്ങൾ നിങ്ങളുടെ *ആത്മീയ* അന്ധത സമ്മതിക്കാത്തതുകൊണ്ട്, നിങ്ങൾക്ക് ഒരു പ്രത്യാശയുമില്ല."

ശാരീരിക അന്ധത ഭയാനകമായിരിക്കുന്നതുപോലെ, ആത്മീയ അന്ധതയുടെ അനന്തരഫലം താരതമ്യം ചെയ്യാവുന്ന മറ്റൊന്നില്ല. ദൈവത്തിന്റെ അംഗീകാരത്തിനു ഒരു ആവശ്യം ആത്മാർത്ഥ ഹൃദയമാണ് (ലൂക്കൊസ് 8:15). നാം സത്യത്തെ സ്നേഹിക്കണം (2 തെസലൊനിക്യർ 2:10). നാം സൗമ്യതയോടെ വചനം കൈക്കൊള്ളണം(യാക്കോബ് 1:21). നമ്മുടെ മുൻആശയങ്ങളാൽ നാം തിരുവെഴുത്തുകളെ കോട്ടിക്കളയാതെ സൂക്ഷിക്കണം (2 പത്രൊസ് 3:16). "കാണാതിരിക്കുന്നവരെ പോലെ അത്ര കുരുടർ മറ്റാരുമില്ല," എന്ന് ആരോ പറഞ്ഞിട്ടുണ്ട്.

**ഉപസംഹാരം**

കാഴ്ച്ച പ്രാപിച്ച ആ മനുഷ്യനു പിന്നെ എന്തു സംഭവിച്ചു എന്ന് നമ്മോട് പറഞ്ഞിട്ടില്ല. പള്ളിയിൽനിന്നു പുറത്താക്കുന്ന കാര്യം ചിന്തിക്കുമ്പോൾ, അവന്റെ പിന്നീടുള്ള ജീവിതം അത്ര എളുപ്പമാകുവാനിടയില്ല – അവന്റെ നിലപാട് ആക്രമിക്കപ്പെടുമെന്നതു കരുതുമ്പോൾ, അവൻ എപ്പോഴും ക്രിസ്തുവിന്റെ ശിഷ്യനായി തന്നെ കഴിഞ്ഞിരിക്കാനാണ് സാധ്യത.

എങ്ങനെയായാലും, ആ സംഭവം വിവരിച്ചിരിക്കുന്നത് കുരുടനെ ബഹുമാനിക്കുന്നതിനല്ല, "ലോകത്തിന്റെ വെളിച്ചം" ആയ ക്രിസ്തുവിനെ ത്യജിച്ചുകളഞ്ഞാലുള്ള അപകടത്തെ കാണിക്കുന്നതിനാണ്. നാം ആത്മിയ അന്ധതയിലാണെന്നതു തിരിച്ചറിയാതിരിക്കപോലും ചെയ്തേക്കാം എന്നതു അമ്പരപ്പിക്കുന്ന യാഥാർത്ഥ്യമാണ്. സ്വയം–പരിശോധിക്കുവാൻ ഉറക്കെ പറയുന്ന അദ്ധ്യായമാണ് യോഹന്നാൻ 9 (2കൊരിന്ത്യർ 13:5 നോക്കുക).

നിങ്ങൾ ഇതുവരെയും "വെളിച്ചത്തിലേക്ക്" വന്നിട്ടില്ലെങ്കിൽ, ഇന്നു തന്നെ വരുവാൻ ഞാൻ നിങ്ങളെ പ്രോൽസാഹിപ്പിക്കട്ടെ.[46] നിങ്ങൾ ശാരീരികമായി അന്ധനായിരുന്നിട്ട് കാഴ്ച്ച ലഭിക്കുമ്പോൾ നിങ്ങൾക്ക് എത്ര സന്തോഷം ഉണ്ടാകുമെന്ന് ഊഹിക്കുക. ആത്മീയകാഴ്ച്ച ലഭിക്കുന്നത് അതിനേക്കാൾ ആവേശകരമായിരിക്കും!

ലാക്ക് കൂപ്പർ എന്ന ഒരു കണ്ണു ഡോക്ടർ ഓപ്പറേഷനു പേരു കേട്ട വ്യക്തിയാണ്. ഓപ്പറേഷനു ശേഷം, അദ്ദേഹം രോഗിയുടെ കണ്ണിലെ കെട്ട് ഒരു ഇരുട്ടുള്ള മുറിയിൽ കൊണ്ടുപോയി അഴിക്കും. രോഗിയുടെ കണ്ണു പതുക്കെ തുറക്കുമ്പോഴേക്കും ഡോക്ടർ പോയി അടച്ചിട്ടിരിക്കുന്ന ജനൽ തുറക്കും. അപ്പോഴേക്കും ആ വ്യക്തി ഉറക്കെ പറയും, "എനിക്ക് കാണാം." പക്ഷെ ഡോക്ടർ പറയും, "ആയിട്ടില്ല" എന്നു പറഞ്ഞു രോഗിയെ തന്റെ

ഓഫീസിലേക്ക് കണ്ണിന്റെ ഒരു ചാർട്ട് വായിക്കുവാൻ കൊണ്ടുപോകും. അതിൽ യോഹന്നാൻ 3:16 എഴുതി വെച്ചിരിക്കുന്ന ഒരു അസാധാരണ ചാർട്ടാണ്. രോഗി വായിക്കുന്നു, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാന്തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." അപ്പോൾ ഡോ.കൂപ്പർ പറയും "ഇപ്പോൾ നിങ്ങൾ വെളിച്ചം കാണുന്നു."[47]

നിങ്ങൾ വെളിച്ചം കണ്ടിട്ടുണ്ടോ? "അത്ഭുത കൃപ" എന്ന പാട്ടിലെ ഒരു വരി ഇങ്ങനെയാണ്, "ഒരിക്കൽ ഞാൻ നഷ്ടപ്പെട്ടവനായിരുന്നു, എന്നാൽ ഇപ്പോൾ കണ്ടെത്തിയിരിക്കുന്നു, കുരുടനായിരുന്നു, എന്നാൽ *ഇപ്പോൾ കാണുന്നു*."[48] നിങ്ങൾക്കും, കൂടെ, നിങ്ങൾ കർത്താവിനെ സ്നേഹിച്ച് അനുസരിച്ചാൽ – നിങ്ങളുടെ കാഴ്ച്ച ലഭിക്കും!

**പ്രസംഗക്കുറിപ്പുകൾ**

നിങ്ങൾക്ക് വേണമെങ്കിൽ അവസാനം യോഹന്നാൻ 3:16 എഴുതിയ ചാർട്ട് ഒരു ദൃശ്യ സഹായിയായി ഉപയോഗിക്കാം. കൂടാതെ, അവതരണത്തിനു മുൻപോ പിൻപോ "അത്ഭുത കൃപ" എന്ന പാട്ട് പാടുകയും ചെയ്യാം.

ഈ പ്രസംഗത്തിൽ, അദ്ധ്യായം മുഴുവൻ വിശദമാക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. നിങ്ങൾക്ക് വേണമെങ്കിൽ വേദഭാഗത്തിലെ ഒരു ഭാഗം മാത്രം ശ്രദ്ധിക്കാം. ഈ സംഭവം ഉപയോഗിക്കുന്ന പ്രചാരത്തിലിരിക്കുന്ന ഒരു സമീപനം, ആ യാചകന്റെ "വിശ്വാസ യാത്ര" എന്ന് എടുത്ത്, അവൻ യേശുവിനെ കുറിച്ചു പറയുന്നത് പോയിന്റുകളായി പറയും: "യേശു എന്നു പേരുള്ള മനുഷ്യൻ," "ഒരു പ്രവാചകൻ," "ആ മനുഷ്യൻ ... ദൈവത്തിൽ നിന്നുള്ളവൻ," അവസാനം, "കർത്താവേ" എന്നു വിളിക്കുന്നു.

"ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്ക്" എന്ന് പ്രസംഗിക്കാവുന്നതാണ് മറ്റൊരു സമീപനം. പാഠത്തിന്റെ മുഖവുരയായി, ശാരീരിക അന്ധതയുടെ അപകടത്തെയും അതിലും വലിയ അപകടമാണ് ആത്മിയ അന്ധത എന്നു കാണിച്ചുകൊടുക്കാം. ശാരീരിക അന്ധതയെ കുറിച്ചും ആത്മിയ അന്ധതയെ കുറിച്ചും ബൈബിളിൽ ധാരാളം വാക്യങ്ങളുണ്ട് (ഉദാഹരണമായി ലൂക്കൊസ് 6:39; 2 പത്രൊസ് 1:9 ഉം വെളിപ്പാട് 3:18 ഉം). ഹെലെൻ കെല്ലറിനെയോ അല്ലെങ്കിൽ അറിയപ്പെടുന്ന ഏതെങ്കിലും അന്ധനെയോ നിങ്ങൾക്ക് ചിത്രീകരണത്തിന് എടുക്കാം. ഒരു ഉപദേഷ്ടാവ് കണ്ണ് മൂടിക്കെട്ടി 24 മണിക്കൂർ മുറിയിലിരുന്ന് ഇരുട്ടിന്റെ പ്രയാസം അനുഭവപ്പെടുന്നതിനായി തയ്യാറെടുത്തിട്ടുണ്ട്. വെളുത്ത വടിയും കറുത്ത കണ്ണടയും ഉപയോഗിച്ചാൽ അതു ഈ പാഠത്തിനു സഹായകരമാകും.

ആദ്യത്തെ തത്വങ്ങളുടെ പ്രസംഗത്തിനായി അതേ തലവാചകമാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരു സമാന്തര പ്രയോഗമാണ് യാചകന്റെ "പരിവർത്തനത്തിലും" നമ്മുടേതിലും. നിങ്ങൾക്കു ആരംഭിക്കുവാൻ ഇതാ ചില ചിന്തകൾ. (1) നാം ആത്മീയമായി അന്ധരാണ്. ആ യാചകനിൽ നിന്നും വ്യത്യസ്തമായി നാം കുരുടരായി പിറന്നവരല്ല; നാം പിശാചിനാൽ അന്ധരാക്കപ്പെട്ടിരുന്നു (2 കൊരിന്ത്യർ 4:4). (2) നമ്മെ ആത്മിയമായി സൗഖ്യമാക്കലിന് മുൻകൈ എടുത്തതു കർത്താവാണ്. (3) സൗഖ്യമാക്കൽ (രക്ഷിക്കൽ) നടപടിക്ക് പങ്കുകാരാകുവാൻ അവൻ നമ്മെ അനുവദിക്കുന്നു. (അവൻ സൗഖ്യമാക്കലിനു യാചകനെ പങ്കുകാരനാക്കുവാൻ അവനോട് പോയി കഴു

കുവാൻ പറഞ്ഞു.) (4) വെള്ളത്തിനു ശക്തിയില്ല, എങ്കിലും അവൻ ഇപ്പോഴും നമ്മോട് "കഴുകുവാൻ" (അതായത്, സ്നാനമേൽക്കുവാൻ) പറഞ്ഞിരിക്കുന്നു. (5) നമ്മുടെ അനുസരണത്തിന്റെ താക്കോൽ വിശ്വാസ മാണ്. (6) എല്ലായ്പോഴും നമ്മെ നിരുൽസാഹപ്പെടുത്തുന്നുണ്ട് – പരിവർത്ത നസമയത്തും പിന്നീടും. ഒരു ബോർഡും, പ്രൊജക്റ്ററും, അല്ലെങ്കിൽ പവർപോയിന്റും ഉപയോഗിച്ച് ഒരു താരതമ്യ ചാർട്ട് ഉണ്ടാക്കാം.

സൗഖ്യമായ മനുഷ്യൻ ന്യായാധിപസഭയോട് പറഞ്ഞ വാക്കുകൾ എനിക്ക് ഇഷ്ടപ്പെട്ടു: "ഒന്ന് അറിയുന്നു, ഞാൻ കുരുടനായിരുന്നു, എന്നാൽ ഇപ്പോൾ കണ്ണ് കാണുന്നു" (യോഹന്നാൻ 9:25). നിങ്ങളോട് ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറവാനോ അല്ലെങ്കിൽ എല്ലാ വാദത്തിനും മറുപടി പറയുവാനോ നിങ്ങൾക്ക് കഴിയുകയില്ലായിരിക്കാം. നിങ്ങളുടെ വിശ്വാ സത്തിനെതിരായ ഓരോ ആക്രമണത്തിനും പ്രതികരിക്കുവാൻ നിങ്ങൾക്ക് അറിയില്ലായിരിക്കാം. എങ്ങനെയായാലും, കർത്താവ് നിങ്ങളുടെ ആത്മാ വിനെ രക്ഷിക്കുകയും നിങ്ങളുടെ ജീവിതത്തെ അനുഗ്രഹിക്കയും ചെയ്തി രിക്കകൊണ്ട്, നിങ്ങൾക്ക് ധൈര്യമായി പറയാം, "ഒന്ന് അറിയുന്നു, ഞാൻ കുരുടനായിരുന്നു, ഇപ്പോൾ കണ്ണ് കാണുന്നു!" പല ക്രിസ്ത്യാനികളെയും പ്രോൽസാഹിപ്പിക്കുന്ന ഒരു പ്രസംഗമാണ്, "ഒന്ന് അറിയുന്നു" എന്നത്.

നിങ്ങൾക്ക് പ്രസ്താവനാ പ്രസംഗം ഇഷ്ടമാണെങ്കിൽ, ഈ സംഭവം സ്വാഭാവികമായി തിരഞ്ഞെടുക്കാം. ആ കുരുടനായ മനുഷ്യനെ കേന്ദ്രീക രിച്ച് എല്ലാ സംഭവങ്ങളും നിങ്ങൾക്ക് പറയാം.

മറ്റു ചില ആശയങ്ങൾ ഇതാ: പല എഴുത്തുകാരും അവരുടെ പ്രസംഗ ങ്ങൾക്ക് തലവാചകം കൊടുത്തിരിക്കുന്നത്, "ദ ബ്ലൈന്റ് മാൻ കാൾഡ് ദെയർ ബ്ലഫ്" എന്നാണ്. (കുട്ടികളുടെ ഗെയിം ബ്ലൈൻഡ് മാൻസ് ബ്ലഫിൽ നിന്ന്). ക്രിസ്തുവിനെ പ്രസംഗിച്ചുകൊണ്ട് ആൾഗർ ഫിച്ച് ആ അദ്ധ്യായത്തെ "സൂര്യൻ നിശ്ചലമായി നിന്ന ദിവസം" എന്നു വിളിച്ചിരിക്കുന്നു (പശ്ചാത്ത ലമായി യോശുവ 10:12, 13 ഉപയോഗിച്ചിരിക്കുന്നു).

---

കുറിപ്പുകൾ

[1]*ക്രിസ്തുവിന്റെ ജീവിതം*, 1 ലെ "യോഹന്നാന്റെ പുസ്തകം" എന്ന പാഠത്തിൽ ഈ അടയാളങ്ങളെ ചർച്ച ചെയ്തിരിക്കുന്നതു അവലോകനം ചെയ്യുക. [2]യേശു "കടന്നു പോകുമ്പോൾ" ശത്രുക്കളിൽനിന്നു പിൻമാറി പോകുവാനിടയായതു കാണുവാൻ ഈ പുസ്തകത്തിൽ മുൻപു വന്നതായ "പകരം ഒന്നും സ്വീകരിക്കരുത്" എന്ന പാഠം നോക്കുക. [3]ആ തെറ്റായ ആശയം അന്നു പലരിൽ ഉണ്ടായിരുന്നതുപോലെ ഇന്നുമുണ്ട്. ഇയ്യോബിന് വലിയ പ്രശ്നങ്ങൾ നേരിട്ടത്, അവൻ വലിയ പാപം ചെയ്തിട്ടാണ് എന്നു അവന്റെ "സ്നേഹിതന്മാർ" കരുതിയിരുന്നു. എന്നാൽ അവർക്ക് തെറ്റിപോയി. പൗലൊ സിനെ കുറിച്ച് മെലീത്ത ദ്വീപുനിവാസികൾ കരുതിയതും അതുപോലെ ആയിരുന്നു (പ്രവൃത്തികൾ 28:4). "തെളിവ് വേദഭാഗ" മായി റബ്ബിമാർ ഉപയോഗിച്ചിരുന്നത് പുറപ്പാട് 34:7 ആയിരുന്നു. എങ്ങനെയായാലും, ആ വേദഭാഗം വ്യക്തിപരമായ കുറ്റത്തെ സൂചി പ്പിക്കുന്നതല്ല, മറിച്ച് മൊത്തത്തിലുള്ള അനന്തരഫലത്തെയാണ് കാണിക്കുന്നത്. യഹോ വയെ ഉപേക്ഷിച്ച യിസ്രായേലിനു മൊത്തത്തിൽ അടിമത്വമനുഭവിക്കേണ്ടിവന്നു എന്നത് അതിനു ഉദാഹരണമാണ്. അവരുടെ പാപം നിമിത്തം, അവരുടെ മക്കളും ചെറുമക്കളും

അടിമത്വത്തിൽ തന്നെ കഴിയേണ്ടിവന്നു. [4]“റബ്ബി” എന്ന വാക്ക് ആദരണിയ പദവിയെ കാണിക്കുന്നതും “ഗുരു” എന്ന് അർത്ഥമുള്ളതുമാണ്. യേശുവിനു അത്തരത്തിലുള്ള പരിശീലനം ലഭിക്കായ്കകൊണ്ട് മതാധികാരികൾക്ക് അവനെ ആ നിലയിൽ സ്വീകരിപ്പാൻ കഴിഞ്ഞില്ല. [5]വിശ്വസിച്ചാലും ഇല്ലെങ്കിലും, ഒരു വ്യക്തി ജനിക്കുന്നതിനു മുൻപ് പാപം ചെയ്യുമെന്ന് ചിലർ റബ്ബിമാർ വിശ്വസിച്ചിരുന്നു – അതു ഗർഭത്തിലായിരിക്കുമ്പോഴോ, അല്ലെങ്കിൽ മുൻജന്മത്തിലോ. അത്തരം സിദ്ധാന്തങ്ങൾ പഴയനിയമത്തിനും പുതിയനിയമത്തിനും എതിരാണ്. [6]ചില മരുന്നുകളും ലഹരിപദാർത്ഥങ്ങളും ഉപയോഗിക്കുന്നതു ഗർഭസ്ഥശിശുക്കളെ ബാധിക്കാറുണ്ട്. പുകവലിയും രതിജന്യരോഗവും അതുപോലെയാണ്. [7]ആ മനുഷ്യനും അവന്റെ അമ്മയപ്പന്മാരും ഒരിക്കലും പാപം ചെയ്തിട്ടില്ല എന്നല്ല യേശു പറഞ്ഞത് (റോമർ 3:23). അവന്റെ *അന്ധതക്കു* കാരണം അവന്റെയോ അല്ലെങ്കിൽ അവന്റെ അമ്മയപ്പന്മാരുടെയോ പാപം അല്ല എന്നാണ്. [8]പൊതുവായ അർത്ഥത്തിൽ, ആദാമിന്റേയും ഹവ്വയുടേയും പാപത്തിന്റെ ഫലമായിട്ടാണ് എല്ലാ കഷ്ടതയുമുണ്ടായത് (ഉല്പത്തി 3:3, 17–19). കൂടാതെ, ചില പാപങ്ങൾക്ക് ഉടനെ ഫലമുണ്ടാകും (സദൃശവാക്യം 13:15). എന്നിരുന്നാലും, എല്ലാ കഷ്ടതയും വ്യക്തിപരമായ പാപത്തിന്റെ ഫലമായിട്ടുള്ളതല്ല. സങ്കീർത്തനങ്ങൾ 73 നമ്മെ പഠിപ്പിക്കുന്നത് നീതിക്കും സമൃദ്ധിക്കും അല്ലെങ്കിൽ പാപവും കഷ്ടതയും തമ്മിൽ പലപ്പോഴും നേരിട്ട് ബന്ധമില്ല എന്നാണ്. ദുരന്തത്തിൽപെട്ടവർ മറ്റുള്ള ദുഷ്ടന്മാരേക്കാൾ അധികം ദുഷ്ടതയുള്ളവരല്ല എന്നാണ് യേശു പറഞ്ഞത് (ലൂക്കൊസ് 13:2–5). [9]ആപത്തിന്റെ വിലയെ സൂചിപ്പിക്കുന്ന ചില വേദഭാഗങ്ങൾ ഇതാ: സങ്കീർത്തനങ്ങൾ 119:71; 2 കൊരിന്ത്യർ 12:9; എബ്രായർ 12:7–13; യാക്കോബ് 1:2; 3 വെളിപ്പാട് 7:14. [10]ആയുസ് ചുരുക്കമാണ് (സങ്കീർത്തനങ്ങൾ 90:5, 16; യാക്കൊബ് 4:14; 2 പത്രൊസ് 3:8). ദൈവവേല എല്ലായ്പ്പോഴും അടിയന്തിരസ്വഭാവമുള്ളതാണ് (സഭാപ്രസംഗി 4:15; എഫെസ്യർ 5:16).

[11]ഇതു മൂന്നാം പ്രാവശ്യമാണ് സൗഖ്യമാക്കുന്നതുമായുള്ള ബന്ധത്തിൽ യേശു തുപ്പൽ ഉപയോഗിക്കുന്നത് (മർക്കൊസ് 7:33; 8:22–26 നോക്കുക). എങ്ങനെയായാലും, ആളുകളെ സൗഖ്യമാക്കുവാൻ അവൻ സ്ഥിരമായി ഒരേർപ്പാട് മാത്രമല്ല ഉപയോഗിച്ചത്. ഉദാഹരണമായി ഒരു കുരുടനെ സൗഖ്യമാക്കുവാൻ കണ്ണിൽ തൊടുകയായിരുന്നു (അപ്പോൾ തുപ്പലും ചേറുമില്ലായിരുന്നു) (മത്തായി 9:27–31). ഒരിക്കൽ അവൻ തുപ്പൽ ഉപയോഗിച്ചു (ചേറുണ്ടാക്കിയില്ല) (മർക്കൊസ് 8:22–26). ഒരിക്കൽ (ഈ സമയത്ത്) അവൻ തുപ്പലും ചേറും ഉപയോഗിച്ചു. ശക്തി ഏർപ്പാടുകളില്ല, പിന്നെയോ അവനിലാണെന്നു തെളിയിക്കുവാൻ അവൻ വ്യത്യസ്തരീതികളിൽ സൈഖ്യമാക്കി. [12]ചോദിക്കാവുന്ന മറ്റൊരു ചോദ്യമാണ്, “എന്തുകൊണ്ടാണ് യേശു അവനോട് കുളത്തിൽ പോയി കഴുകുവാൻ പറഞ്ഞത്?” നമുക്ക് അറിയില്ല. എങ്ങനെയായാലും, ബൈബിൾ കാലയളവിൽ അനുഗ്രഹം ലഭിക്കേണ്ടതിന്നു ആളുകളോട് ചിലത് ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. [13]ശിലോഹോം കുളത്തെ കുറിച്ച് ഈ പുസ്തകത്തിൽ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. [14]ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള യെരുശലേമിന്റെ ഭൂപടം നോക്കുക. [15]സ്ത്രീകളുടെ പ്രാകാരത്തിലെ മുഖ്യകവാടത്തിൽ വെച്ചായിരിക്കാം യേശു ആ യാചകനെ കണ്ടുമുട്ടിയത്. മറ്റൊരുസാധ്യത, ബെഥാന്യയിലേക്കുള്ള മാർഗമദ്ധ്യേ, ക്രിസ്തു സാധാരണ താമസിക്കാറുള്ള സ്ഥലത്ത് വെച്ച് ആയിരിക്കാം (മത്തായി 21:17; മർക്കൊസ് 11:11; യോഹന്നാൻ 11:18). രണ്ടു സ്ഥലത്തിൽ ഏതായിരുന്നാലും കുളം കുറച്ച് ദൂരത്തായിരുന്നു. [16]നമുക്ക് ഇംഗ്ലീഷിൽ നാലു വാക്കുകളുണ്ട്, എന്നാൽ ഗ്രീക്കിൽ മൂന്നു വാക്കുകളേയുള്ളു (കെജെവി നോക്കുക). [17]ചോദ്യം ചെയ്യൽ നടത്തിയിരുന്നവരെ സാധാരണ പരീശന്മാർ എന്നാണ് വിളിച്ചിരുന്നത് (വാ.13, 15, 16, 40). രണ്ടു പ്രാവശ്യം, എങ്ങനെയായാലും, അവരെ “യെഹൂദന്മാർ” എന്നു വിളിച്ചിട്ടുണ്ട് (വാ.18, 22), യെരുശലേമിലെ മതാധികാരികളെ അധി

കവും അറിയപ്പെട്ടിരുന്നത് ആ പേരിലായിരുന്നു. അയൽക്കാരായിരിക്കാം ഒരുപക്ഷെ ആ മനുഷ്യനെ ന്യായാധിപസഭയിലെത്തിച്ചത്. [18]വിലകുറച്ചു പറയുന്ന വാക്കാണ് "ആ മനുഷ്യൻ." [19]അപ്പത്തിനു കുഴക്കുന്നതുപോലെയാണ് ചേറുണ്ടാക്കുന്നത് എന്ന് അവർ കണക്കാക്കി:അത് ഒരു "പ്രവൃത്തിയായി" അവർ കരുതിയിരുന്നു. മുറിവിൽ ഉമിനീർ – പുരട്ടുന്നതും അവരുടെ സമ്പ്രദായം വിലക്കിയിരുന്നു. [20]സിലോജിസം എന്നതു യുക്തിക്കു കാരണം കണ്ടെത്തുന്ന ഒരു വാക്കാണ്.

[21]ആ സംഭവം യെഹൂദമതാദ്ധ്യക്ഷന്മാരിലും അത് അറിഞ്ഞവരിലും വലിയ പ്രത്യാഘാതമുണ്ടാക്കി (യോഹന്നാൻ 11:36, 37). [22]8:30, 31 ന്റെ വ്യാഖ്യാനത്തിനു ഈ പുസ്തകത്തിൽ ആദ്യം വന്ന "പകരം ഒന്നും സ്വീകരിക്കരുത്" എന്ന പാഠം നോക്കുക. [23]ഈ പ്രസംതാവനയെ യോഹന്നാൻ 4:19 മായി താരതമ്മ്യം നടത്തുക. [24]പ്രവാചകന്മാരായിരുന്ന ഏലിയാവും ഏലീശയും അത്ഭുതങ്ങൾ നടത്തിയിട്ടുണ്ട് (1 രാജാക്കന്മാർ 18; 2 രാജാക്കന്മാർ 2:19–22; 4:18–44; 5:1–14). [25]ഞങ്ങളുടെ ഭാഗത്ത്, ഞങ്ങൾ പറയും, "ദേതോട്ട് ഹീ വാസ് ട്രൈയിങ്ങ് ടു പുൾ എ സ്കാം," അല്ലെങ്കിൽ "ഹീ വാസ് ട്രൈയിങ്ങ് ടു കോൺ ദെം." എന്നു പറയും. [26]"ആ" എന്ന വാക്ക് സൂചിപ്പിക്കുന്നതു അവിടെത്തന്നെയോ അല്ലെങ്കിൽ അടുത്തു തന്നെയോ ഉണ്ടായിരുന്നു എന്നാണ്. ഒരുപക്ഷെ ആ നടപടികൾ തീരുന്നതുവരെ അവൻ അവിടെത്തന്നെ ഉണ്ടായിരുന്നേക്കാം, അതിനു ഏറെ സമയം വേണ്ടി വന്നേക്കാം (അമ്മയപ്പന്മാരെ ആളയച്ചു വരുത്തുന്നതിനും, അവരുടെ വരവിനുവേണ്ടി കാത്തിരിക്കുന്നതിനും മറ്റും). അവന്റെ അമ്മയപ്പന്മാർ മറുപടി പറയുന്നതു ഒരു പക്ഷെ അവൻ കേട്ടിരിക്കാം. [27]പള്ളിഭ്രഷ്ടാക്കുന്നതിനെ കുറിച്ച് അറിയുവാൻ, യോഹന്നാൻ 12:42 ഉം 16:2 ഉം നോക്കുക. [28]യെഹൂദന്മാരിൽനിന്നു ഛേദിക്കപ്പെടുന്നതിനെ കുറിച്ച് അറിയുവാൻ (സമുദായഭ്രഷ്ട്), സംഖ്യാപുസ്തകം 15:30 ഉം ലൂക്കൊസ് 6:22 ഉം നോക്കുക. [29]"പ്രായമുണ്ടല്ലൊ" എന്ന പ്രയോഗത്തിൽനിന്നു ചിലർ കരുതുന്നത് ആ മനുഷ്യനു പതിമൂന്നിലധികം വയസുണ്ടായിരുന്നു എന്നാണ്. അവനു, മുപ്പതിലധികം വയസ് കാണുവാനാണ്, കൂടുതൽ സാധ്യത; ഒരു മനുഷ്യൻ പക്വതയുള്ളവനായി കണക്കാക്കിയിരുന്നത് മുപ്പതു വയസാകുമ്പോഴായിരുന്നു. [30]ഈ സമയമായപ്പോഴേക്കും അവൻ ഒരു ശിഷ്യനായി തീർന്നുവെന്ന് തോന്നിക്കുന്നതാണ് "കൂടെ" എന്ന വാക്ക്.

[31]ഗ്രീക്ക് ഭാഷയിൽ, ചോദ്യഘടന പലപ്പോഴും നിഷേധരൂപത്തിലോ അല്ലെങ്കിൽ ക്രിയാത്മകരൂപത്തിലോ പ്രതികരണം പ്രതീക്ഷിക്കുന്നതാണ്. എൻഏഎസ്ബി അതു സൂചിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. കെജെവിയുമായി താരതമ്മ്യം ചെയ്യുക. [32]യോഹന്നാൻ 9:31 ശ്രദ്ധിച്ച് ഉപയോഗിക്കുക. "ഒരു പാപിയുടെ പ്രാർത്ഥന ദൈവം കേൾക്കുമോ?" എന്ന അനുബന്ധലേഖനം നോക്കുക. [33]മശിഹയുടെ ശുശ്രൂഷയിൽ പ്രത്യേകഘടനയുള്ള ഒന്നായിരുന്നു കുരുടനെ സൗഖ്യമാക്കിയത് (യെശയ്യാവ് 29:18; 35:5; 42:7; മത്തായി 11:2–6 നോക്കുക). യേശു ചെയ്ത മറ്റു അത്ഭുതങ്ങളേക്കാൾ കൂടുതലായി കുരുടനു കാഴ്ച്ച ലഭിച്ചതു വിവരിച്ചിരിക്കുന്നു (മത്തായി 9:27–31; 12:22; 20:29–34). [34]"ജന്മസിദ്ധം" ജനനത്തിലുള്ളത്എന്നാണ് അർത്ഥമാക്കുന്നത്, അല്ലാതെ പാരമ്പര്യം എന്നല്ല. (*അമേരിക്കൻ ഹെറിടേജ് ഡിക്ഷ്ണറി,* 4–ാമത് എഡി. [2001]). [35]യേശുവിന്റെ പ്രാർത്ഥന ദൈവം കേട്ടു എന്നതിന്റെ ജീവിക്കുന്ന തെളിവായിരുന്നു സൗഖ്യമായ മനുഷ്യൻ. യേശുവിന്റെ അപേക്ഷയനുസരിച്ച് ദൈവം കുരുടനെ സൗഖ്യമാക്കി. [36]അതു അങ്ങനെയല്ല എന്നു യേശു നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു (യോഹന്നാൻ 9:3). ശിശുക്കൾ പാപം കൂടാതെ നിർമ്മലരായിട്ടാണ് ജനിക്കുന്നത് എന്നു പുതിയനിയമം പഠിപ്പിക്കുന്നു (മത്തായി 18:3; 19:14). പരീശന്മാരുടെ തെറ്റായ ആശയത്തോട് യോജിക്കുന്ന വിധത്തിൽ കാൽവനിസ്റ്റ് വ്യഖ്യാതാക്കൾ ലജ്ജിക്കേണ്ടി വരും. [37]പഴയനിയമം ഗ്രീക്കിൽ തർജിമ ചെയ്തിരിക്കുന്നതിലെ (സെപ്ത്വജിന്റിൽ "പുറത്താക്കൽ", വാതിലിനു പുറത്താക്കുന്നതിനേക്കാൾ മത

ഭ്രഷ്ടാക്കിയതായാണ്, സൂചിപ്പിക്കുന്നത്, അതുകൊണ്ട് വാർത്ത പെട്ടെന്നു പരന്നു. [38]ഞങ്ങളുടെ ഭാഗത്ത് പറയും, "ഹീ ഹാഡ് ഹാഡ് എ റോൾ കോസ്റ്റർ ഓഫ് എ ഡേ." [39]എങ്ങനെയായാലും, അവന്റെ അമ്മയപ്പന്മാരും അയൽക്കാരും അവനോടൊപ്പം നിന്നില്ല. [40]കെജെവിയിൽ "ദൈവപുത്രൻ" എന്നാണ്, പക്ഷെ നല്ല കയ്യെഴുത്തുപ്രതിയിൽ "മനുഷ്യപുത്രൻ" എന്നാണ്. ആ രണ്ടു പ്രയോഗങ്ങളും യേശു ഉപയോഗിച്ചിരിക്കുന്നതു മശിഹ എന്ന അർത്ഥത്തിലാണ് (ദാനിയേൽ 7:13).

[41]ഗ്രീക്ക് ഭാഷയിൽ, ഊന്നൽ കൊടുക്കുന്നത് വിവിധ രീതികളിലാണ്. ഇവിടെ, "നീ" എന്ന വാക്ക് ആവർത്തിച്ചുകൊണ്ടാണ് (ആദ്യം ക്രിയയുടെ ഭാഗമായിട്ടാണ്, പിന്നെ, വേറൊരു വാക്കായിട്ട്). അത്തരം ഘടന ഈ അദ്ധ്യായത്തിൽ പല തവണ കാണാം. [42]യേശു ആരാണെന്ന് ആ മനുഷ്യൻ അറിയായ്കകൊണ്ട് ആ സമയത്ത് ഉപയോഗിച്ച "കർത്താവ്" എന്ന വാക്ക് ബഹുമാനസൂചകമായി ഉപയോഗിച്ചതാണ് ("സർ" എന്ന പോലെ; ആർഎസ്‌വി നോക്കുക), അല്ലാതെ അവന്റെ ദൈവിക അധികാരത്തെ സമ്മതിക്കുന്നതായിട്ടല്ല. അത്തരം സമ്മതം വാക്യം 38 ൽ വരുന്നുണ്ട്. [43]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് ജോൺ*, റെവ.എഡി., വാല്യം.2, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ:വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1975), 52. [44]യേശു തന്റെ ദൈവികത്വം നിഷേധിച്ചിരുന്നില്ല എന്നതിന്റെ തെളിവാണ് അവനെ നമസ്ക്കരിക്കുവാൻ അവൻ അനുവദിച്ചത് (മത്തായി 4:10 നോക്കുക). [45]അവനു സ്വർഗത്തിൽ വസിച്ചുകൊണ്ടുതന്നെ നമ്മുടെ *ന്യായകർത്താവാകാമായിരുന്നു*, പക്ഷെ നമ്മുടെ *രക്ഷകൻ* ആകേണ്ടതിന് ലോകത്തിലേക്ക് വരേണ്ടിയിരുന്നു. [46]കർത്താവിനോട് എങ്ങനെ പ്രതികരിക്കണമെന്ന് നിങ്ങൾക്ക് നിങ്ങളുടെ സദസ്യരോട് പറയണം. പശ്ചാത്തപിച്ച വിശ്വാസി പാപമോചനത്തിനായി സ്നാനം ഏല്ക്കണം (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38), എന്നാൽ തെറ്റിപ്പോയ ക്രിസ്ത്യാനി മാനസാന്തരപ്പെട്ടു പ്രാർത്ഥിച്ചുവേണം യഥാസ്ഥാനപ്പെടുവാൻ (പ്രവൃത്തികൾ 8:22: യാക്കൊബ് 5:16). [47]ഈ ചിത്രീകരണം എടുത്തത് റിക്ക് ആച്ച്ലേയുടെ 1982 നവംബർ 14 ന് ടെക്സാസിലെ, അബിലീനിലുള്ള സതേൺഹിൽ ചർച്ച് ഓഫ് ക്രൈസ്റ്റിലെ പ്രസംഗത്തിൽനിന്നാണ്. [48]ജോൺ ന്യൂട്ടൺ, "അമേസിങ്ങ് ഗ്രേസ്," *സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്*, കമ്പ്, ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ,ലാ.:ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1994). (എംഫസിസ് മൈൻ).